


# വാക്സിനെടുക്കാം സുരക്ഷിതരാകാം

# 60 വയസ്സിന് മുകളിലുള്ളവർക്കും, 45 നും 59 നും ഇടയിൽ പ്രായമുള്ള മറ്റ് രോഗബാധിതർക്കും

# കോവിഡ് വാക്സിനേഷൻ

**മാർച്ച് 1 മുതൽ**

## ഇതുവരെ വാക്സിൻ സ്വീകരിച്ചവർ

ആരോഗ്യ പ്രവർത്തകർ ആദ്യ ഡോസ് : 3,39,557, രണ്ടാം ഡോസ് : 1,05,387
മുന്നണിപ്പോരാളികൾ ആദ്യ ഡോസ് : 86,330
തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ആദ്യ ഡോസ് : 62,662

- 2022 ജനുവരി 1 ന് 60 വയസ്സോ അതിന് മുകളിലോ പ്രായമുള്ളവർക്കും 45 നും 59 നും ഇടയിൽ പ്രായമുള്ള മറ്റ് രോഗബാധിതർക്കും കോവിഡ് വാക്സിനേഷൻ മാർച്ച് 1 മുതൽ.
- വാക്സിനേഷൻ ലഭിക്കുന്നതിനായി **cowin.gov.in** വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.
- സർക്കാർ ആശുപത്രികളിൽ നേരിട്ടെത്തി രജിസ്റ്റർ ചെയ്ത് വാക്സിനേഷൻ സ്വീകരിക്കുവാനുള്ള സൗകര്യം ലഭ്യമാണ്. സ്വകാര്യ ആശുപത്രികളിൽ ഇതിനുള്ള സൗകര്യം ക്രമീകരണങ്ങൾ പൂർത്തിയാക്കിയ ശേഷം ലഭ്യമാക്കുന്നതാണ്.
- മൊബൈൽ നമ്പർ, ആധാർ അല്ലെങ്കിൽ മറ്റേതെങ്കിലും ഫോട്ടോ പതിപ്പിച്ച അംഗീകൃത തിരിച്ചറിയൽ രേഖയുടെ നമ്പർ എന്നിവ രജിസ്ട്രേഷനായി നൽകണം.
- ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു കുടുംബത്തിലെ 4 പേർക്ക് രജിസ്റ്റർ ചെയ്യാം.
- രജിസ്ട്രേഷൻ ചെയ്യുന്ന സമയത്ത് ലഭ്യമാകുന്ന വാക്സിനേഷൻ കേന്ദ്രവും വാക്സിനേഷൻ എടുക്കാനുള്ള തീയതിയും അപ്പോൾ തന്നെ തെരഞ്ഞെടുക്കാവുന്നതാണ്.
- 45 നും 59 നും ഇടയിൽ പ്രായമുള്ളവർ വാക്സിനേഷനായി വാക്സിൻ കേന്ദ്രത്തിൽ എത്തുമ്പോൾ രോഗാവസ്ഥയെക്കുറിച്ച് ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് കാണിക്കണം(20 രോഗാവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്).
- സർക്കാർ ആശുപത്രികളിൽ നിന്നും വാക്സിൻ സൗജന്യമായി ലഭിക്കും.
- സ്വകാര്യ ആശുപത്രികളിൽ വാക്സിൻ ഒരു ഡോസിന് 250 രൂപ നൽകണം.
- കേന്ദ്ര, സംസ്ഥാന സർക്കാർ ആശുപത്രികൾ, സി.ജി.എച്ച്.എസ്. ആശുപത്രികൾ, സർക്കാർ നിശ്ചയിക്കുന്ന സ്വകാര്യ ആശുപത്രികൾ, പൊതു കെട്ടിടങ്ങൾ എന്നിവ വാക്സിനേഷൻ കേന്ദ്രങ്ങളായി പ്രവർത്തിക്കും.
- വാക്സിനേഷൻ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികൾ, സി.ജി.എച്ച്.എസ് ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവയുടെ വിവരങ്ങൾ, രജിസ്ട്രേഷൻ നടപടിക്രമങ്ങൾ, മറ്റ് വിശദ വിവരങ്ങൾ എന്നിവയ്ക്കായി താഴെ പറയുന്ന വെബ്സൈറ്റുകൾ സന്ദർശിക്കുക.
**www.dhskerala.gov.in, www.arogyakeralam.gov.in, www.sha.kerala.gov.in**

- ഇതുവരെ രജിസ്റ്റർ ചെയ്യാത്ത ആരോഗ്യപ്രവർത്തകർക്ക് തൊട്ടടുത്തുള്ള വാക്സിനേഷൻ കേന്ദ്രത്തിലെത്തി രജിസ്റ്റർ ചെയ്ത് വാക്സിനെടുക്കാം. ആരോഗ്യപ്രവർത്തകരാണെന്ന് തെളിയിക്കുന്ന തിരിച്ചറിയൽ രേഖ ഹാജരാക്കണം
- വാക്സിനേഷനായി രജിസ്റ്റർ ചെയ്യാതിരുന്ന കോവിഡ് മുന്നണിപ്പോരാളികൾ (പോലീസ്, സൈന്യം, അർദ്ധസൈനിക വിഭാഗം, മുനിസിപ്പൽ, പഞ്ചായത്ത്, റവന്യൂ ജീവനക്കാർ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുത്തവരാണെന്ന ഓഫീസ് മേലധികാരിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ വാക്സിനേഷൻ കേന്ദ്രത്തിലെത്തി രജിസ്റ്റർ ചെയ്ത് വാക്സിൻ എടുക്കാം.
- രജിസ്റ്റർ ചെയ്തതിന് ശേഷം ആദ്യ ഡോസ് വാക്സിൻ സ്വീകരിക്കാത്ത ആരോഗ്യപ്രവർത്തകരും മുന്നണിപ്പോരാളികളും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെട്ട് അവരുടെ നിർദ്ദേശപ്രകാരം വാക്സിനേഷൻ കേന്ദ്രങ്ങളിലെത്തി എത്രയും പെട്ടെന്ന് വാക്സിൻ സ്വീകരിക്കണം

വാക്സിൻ സംബന്ധമായ സംശയ ദൂരീകരണത്തിന് വിളിക്കാം. ദിശ **1056, 0471 2552056**

നാം സുരക്ഷിതരായാൽ നാട് സുരക്ഷിതമാകും   നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം

പൊതുജന താൽപര്യാർത്ഥം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ